# കെ.എം.ഇ.എ കോളേജിൽ 'അസാപ്' പരിശീലനത്തിന് തുടക്കമായി.

തൊഴിൽ രഹിതരായ യുവാക്കളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക നൈപുണ്യ പരിശീലന പരിപാടിയായ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് (അസാപ്) എടത്തല കെ.എം.ഇ.എ എഞ്ചിനീയറിംഗ് കോളേജിൽ തുടക്കമായി. കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റാണ് പരിശീലന പരിപാടിക്ക് നേതൃത്വം നൽകുന്നത്. സംസ്ഥാനത്ത് ആദ്യമായാണ് ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അസാപ് പരിശീലനത്തിന്റെ വേദിയാകുന്നത്. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് സംസ്ഥാന സർക്കാർ തിരഞ്ഞെടുത്ത 30 തൊഴിൽ രഹിതരായ യുവാക്കളാണ് പരിശീലന പരിപാടിയുടെ ആദ്യ ബാച്ചിൽ ഉള്ളത്.

പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ ശ്രീമതി. ഡോ. ജെ. ലത നിർവ്വഹിച്ചു. നൈപുണ്യ പരിശീലന രംഗത്ത് സർക്കാരുമായി കൈകോർക്കുന്ന കെ.എം.ഇ.എ യുടെ പ്രവർത്തന ശൈലി അഭിനന്ദനാർഹനീയമാണെന്ന് അവർ പറഞ്ഞു. കെ.എം.ഇ.എ ഡയറക്ടർ ഡോ. ടി.എം. അമർ നിഷാദ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എം.ഇ.എ സെക്രട്ടറി അഡ്വ: അബ്ദുൾ മജീദ് പറക്കാടൻ, കെ.എം.ഇ.എ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൾ ഡോ.ടി.കെ. മണി, അസാപ് പദ്ധതി മാനേജർമാരായ ശ്രീമതി. കാർത്തിക ഭാസ്കർ, ശ്രീമതി. എം. ലിൻഷ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം തലവൻ പ്രൊഫ. കെ.ടി. ജലീൽ എന്നിവർ സംസാരിച്ചു.

150 മണിക്കൂർ ക്ലാസ് റൂം പഠനവും 150 മണിക്കൂർ പ്രായോഗിക പരിശീലനവും ഉൾപ്പെടുന്നതാണ് ഒരു മാസകാലം നീണ്ടു നിൽക്കുന്ന ഈ പരിശീലന പരിപാടി. മികച്ച ലാബറട്ടറി സൗകര്യങ്ങൾ, കഴിവുറ്റ അദ്ധ്യാപകർ എന്നീ ഘടകങ്ങളാണ് പരിശീലന കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ. നിരവധി സ്ഥാപനങ്ങൾ പരിശീലന പരിപാടിക്കായി അപേക്ഷിച്ചിരുന്നെങ്കിലും സംസ്ഥാനത്ത് കെ.എം.ഇ.എ എഞ്ചിനീയറിംഗ് കോളേജിനെ മാത്രാണ് അസാപ് പരിശീലനത്തിന് അനുമതി ലഭിച്ചത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടൊപ്പം നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപറേഷൻ അംഗീകാരവും ലഭിക്കും. ഇതോടെ വിദേശത്ത് ഉൾപ്പടെ എളുപ്പത്തിൽ തൊഴിൽ ലഭിക്കാൻ പഠിതാക്കൾക്ക് കഴിയും. സംസ്ഥാന സർക്കാരിന്റെ കെ-മാറ്റ് പരീക്ഷയിൽ ആറാം റാങ്ക് നേടിയ അവസാന വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥി എസ്. സന്ദീപിന് ചടങ്ങിൽ വച്ച് വൈസ് ചാൻസലർ ഉപഹാരം നൽകി അഭിനന്ദിച്ചു.